തകർക്കുന്ന ഒന്നാണ്. അതുപോലെ ഉന്നത വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ഉപജീവന മാർഗ്ഗം ഈ മേഖലയെ ആശ്രയിച്ചാണിരിക്കുന്നത്. അവരുടെ ജീവിതമാർഗ്ഗം അപകടപ്പെടുത്തുന്ന ഈ നടപടിയിൽ നിന്ന് കേന്ദ്ര ഗവൺമെന്റിനെ പിൻതിരിപ്പിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇതിനെ സർവ്വീസ് മേഖലയായി കണക്കാക്കി 8 ശതമാനം ടാക്സ് കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സെൻട്രൽ ഗവൺമെന്റിൽ ടേക്ക് അപ് ചെയ്യാനേ പറ്റൂ. നമുക്ക് ശ്രമിച്ചു നോക്കാം.

(7) ബിവറേജസ് കോർപ്പറേഷൻ പോത്തൻകോട് പഞ്ചായത്തിൽ ആരംഭിച്ച ചില്ലറ മദ്യവിൽപ്പനശാല തുറന്ന് പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ വ്യാജമദ്യ വ്യാപാരം സുലഭമായി നടക്കുന്ന സ്ഥലമാണ്. വ്യാജമദ്യ ദുരന്തമുണ്ടായ പള്ളിപ്പുറം പ്രദേശം ഉൾപ്പെടെയുള്ള ഈ സ്ഥലത്ത് വ്യാജമദ്യ വിൽപ്പന അവസാനിപ്പിക്കുന്നതിനുവേണ്ടി ബിവറേജസ് കോർപ്പറേഷൻ പോത്തൻകോട് ഒരു ചില്ലറ മദ്യവിൽപ്പനശാല ആരംഭിച്ചു. എന്നാൽ മദ്യവിരുദ്ധ സമിതിയുടേയും അതുപോലെ ഭക്തജനങ്ങളുടേയും പരാതിയെത്തുടർന്ന് ഇത് താൽക്കാലികമായി നിർത്തിവച്ചു. ഇപ്പോൾ അവിടത്തെ ജനങ്ങൾ ഒന്നടങ്കം മദ്യവിൽപ്പനശാല തുറന്ന് പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് സമരത്തിലാണ്. ഞാൻ ആ സമരത്തിന് താൽക്കാലിക ഒത്തുതീർപ്പുണ്ടാക്കിയിട്ടാണ് ഇവിടെ വന്നത്. അതുകൊണ്ട് അടിയന്തിരമായി ഈ മദ്യവിൽപ്പനശാല തുറന്നു പ്രവർത്തിപ്പിച്ച് അവിടത്തെ ജനങ്ങളുടെ ആഗ്രഹം നിറവേറ്റണം. അവിടത്തെ സി.പി.ഐ. (എം)-ന്റെ നേതൃത്വത്തിലുള്ള പഞ്ചായത്ത് കമ്മിറ്റി ഈ മദ്യവിൽപ്പനശാല തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് പ്രമേയം പാസ്സാക്കിനൽകിയിട്ടുണ്ട്. അതുകൊണ്ട് പോത്തൻകോട്ടുള്ള മദ്യവിൽപ്പനശാല ഉടൻ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യ നടപടി സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, തിരുവനന്തപുരം താലൂക്കിൽ കഴക്കൂട്ടം റെയിഞ്ചിൽ പോത്തൻകോട് 291-ാം നമ്പർ വിദേശ മദ്യഷാപ്പ് സ്ഥാപിച്ചു. അവിടെ പഞ്ചായത്ത് ഒരു റസല്യൂഷൻ മുഖേന അവിടത്തെ വ്യാജ മദ്യത്തിന്റെ കുറവുവരുത്താൻ ഒരു വിൽപ്പന ഷാപ്പ് തുടങ്ങണമെന്ന് ആവശ്യപ്പെട്ടിരുന്നു. 25-7-ന് തുടങ്ങി. മദ്യനിരോധന സമിതികളാണെന്ന് പറയുന്ന ആളുകൾ സമരം ചെയ്ത് 27-ന് അത് പൂട്ടി. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ എല്ലാപേരുംകൂടി ഇടപെട്ട് അത് തുടങ്ങണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. അത് ഉടനെതന്നെ തുടങ്ങാനുള്ള ഏർപ്പാട് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly